പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 138

26/09/2011 - ൽ
മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

| | |
| --- | --- |
| (എ) സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (എ) ജാഗരൂകവും,സമാധാനപരവും, വികസനോന്മുഖവുമായ ഒരു സമൂഹ സൃഷ്ടിക്കായി അച്ചടക്കം, ഉത്തരവാദിത്ത ബോധം, സാമൂഹ്യ പ്രതിബദ്ധത, സേവന സന്നദ്ധത തുടങ്ങിയ ലക്ഷ്യങ്ങൾ മുൻ നിറുത്തി പ്രവർത്തിക്കുന്ന ഒരു വിദ്യാർത്ഥി കർമ്മ സേന യാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ്.<br><br>1. നിയമത്തെ അംഗീകരിക്കു കയും അനുസരിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ സൃഷ്ടിക്കുക.<br>2. വിദ്യാർത്ഥികളിൽ പൗര ബോധം, സമത്വ ബോധം, മതേ തര വീക്ഷണം, അന്വേഷണത്വര, നിരീക്ഷണപാടവം, നേതൃത്വശേ ഷി, സാഹസികമനോഭാവം തുട ങ്ങിയ മൂല്യങ്ങൾ വളർത്തുക. |

3. വിദ്യാർത്ഥികളിൽ സാമൂഹ്യ പ്രതിബദ്ധതയും സേവന സന്നദ്ധതയും സഹജീവി സ്നേഹവും വളർത്തുക.

4. സാമൂഹ്യ തിന്മകളായ തീവ്രവാദം, വിഘടനവാദം, വർഗ്ഗീയത, ജാതീയത, ലഹരിഭ്രമം തുടങ്ങിയവയ്ക്കെതിരെ പ്രതികരിയ്ക്കാനും പ്രവർത്തിയ്ക്കാനും വിദ്യാർത്ഥികളെ സജ്ജരാക്കുക.

5.ആഭ്യന്തര സുരക്ഷ, കുറ്റകൃത്യ നിവാരണം, ക്രമസമാധാനപാലനം, ഗതാഗത നിയന്ത്രണം, സാമൂഹ്യസേവനം തുടങ്ങിയ പ്രവർത്തനങ്ങളിൽ പോലീസ് സേനയോടൊപ്പം പ്രവർത്തിയ്ക്കുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

6.എൻ.സി.സി., എൻ.എസ്.എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളെപ്പോലെ സ്റ്റുഡന്റ് പോലീസ് കേഡറ്റിനെ ഒരു സ്വതന്ത്ര സാമൂഹ്യ സേവന വിഭാഗമായി വളർത്തുക

7. വിദ്യാർത്ഥികളിൽ പ്രകൃതി സ്നേഹം പരിസ്ഥിതിസംരക്ഷണബോധം, പ്രകൃതി ദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത എന്നിവ വളർത്തുക.

8. സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനും ദുരന്തഘട്ടങ്ങളിൽ ഉണർന്ന് പ്രവർത്തിക്കാനുമുള്ള മനോഭാവം വിദ്യാർത്ഥികളിൽ വളർത്തുക

9. സ്വഭാവശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും ഒരു മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക

10. സമൂഹത്തിന്റെ സർവ്വോന്മുഖമായ പുരോഗതിയ്ക്കുവേണ്ടി നിസ്വാർത്ഥമായി പ്രവർത്തിയ്ക്കുന്ന ഒരു യുവ സമൂഹത്തെ സൃഷ്ടിക്കുക.

| | | | |
|---|---|---|---|
| (ബി) | എത്ര സ്കൂളുകളിൽ ഇതു നടപ്പാക്കിയിട്ടുണ്ട് ; | (ബി) | ഇപ്പോൾ 128 വിദ്യാലയങ്ങളിൽ പദ്ധതി നിലവിലുണ്ട്. |
| (സി) | ഓരോ പോലീസ് സ്റ്റേഷന്റെ കീഴിലും ഈ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) | സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ നേതൃത്വത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പ് അദ്ധ്യയന വർഷത്തിൽ പ്രവർത്തനതലത്തിലേക്ക് എത്തിക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

1. **സസ്നേഹം സമാവകാശം**

ശാരീരികവും മാനസികവുമായ വൈകല്യങ്ങൾകൊണ്ട് വീടുകളിൽ നിന്നും പുറത്തിറങ്ങുവാൻ കഴിയാത്ത അവസ്ഥയിലുള്ള പതിനഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളെ കണ്ടെത്തി അവരെ പരിചരിക്കുന്നതിൽ സഹായിക്കുകയും അവരുടെ മാനസിക ഉല്ലാസത്തിനായി പരിശ്രമിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. കോഴിക്കോട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻെറ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

2. **മരക്കൂട്ടം മനഃപുണ്യം**

ആഗോള താപനത്തിന് മരമാണ് മറുപടി എന്ന കേരളത്തിൻെറ മുദ്രവാക്യം സഫലീകരിക്കുന്നതിൽ പങ്കാളിയായിക്കൊണ്ട് എസ്.പി.സി യിലെ ഓരോ വിദ്യാർത്ഥിയും അവരുടെ രണ്ടു വർഷത്തെ എസ്.പി.സി പരിശീലന കാലഘട്ടത്തിൽ ഒരു മരം വച്ച് അത് വളർത്തിയെടുക്കുകയും, അതോടൊപ്പം തൻെറ ഒരു സഹപാഠിയെയെങ്കിലും കൂടി ഒരു മരം വച്ച് വളർത്തുന്നതിനായി പ്രേരിപ്പിക്കുക എന്നുള്ളതാണ് ഈ പദ്ധതിക്കൊണ്ട് ഉദ്ധേശിക്കുന്നത്. വനം വകുപ്പിൻെറ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

3. **റോഡ് സെൻസ്**

വിദ്യാർത്ഥികളിൽ ഗതാഗത അവബോധം വളർത്തുകയും, വിദ്യാർത്ഥികളുടെ റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിന് പരിശ്രമിക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിയെക്കൊണ്ട് ലക്ഷ്യമാക്കുന്നത്. ഓരോ എസ്.പി.സി കേഡറ്റും ഗതാഗത നിയമങ്ങളും റോഡ് മര്യാദകളും മനസ്സിലാക്കി തൻെറ അഞ്ച് സഹപാഠികളേയോ, ബന്ധുക്കളേയോ എങ്കിലും ഗതാഗത നിയമങ്ങൾ മനസ്സിലാക്കി അനുസരിപ്പിക്കുവാൻ പ്രേരിപ്പിക്കുക എന്നുള്ളതാണ് ഇതിൻെറ ഉദ്ദേശ ലക്ഷ്യങ്ങൾ. ഗതാഗത വകുപ്പിൻെറ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

4. **BAN BADNESS (നിത്യം നേർവഴി)**

വിദ്യാർത്ഥികളുടെ ഇടയിലുള്ള പുകയില, മയക്കുമരുന്ന് മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം തടയുകയും ഇത്തരത്തിൽ വഴിതെറ്റപ്പെട്ട സഹപാഠികളെ നേർവഴിയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. എക്സ്സൈസ് വകുപ്പിൻെറ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

5. **സെൽഫ് സല്യൂട്ട്**

വിദ്യാർത്ഥികളുടെ സ്വഭാവ രൂപീകരണത്തിന് ഉതകുന്ന വിധത്തിലുള്ളതും അവരുടെ കഴിവുകളേയും, അറിവുകളേയും വർദ്ധിപ്പിക്കുന്നതിന് സഹായകരമായ ഒരു മാസിക സെൽഫ് സല്യൂട്ട് എന്ന പേരിൽ വിവിധ ഡിപ്പാർട്ട്മെൻറുകളുടെ സഹായത്തോടെ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ